ടിനി ഫിലിപ്പ്

**മാന്ദ്യത്തിന്റെ ആഴവും പരപ്പും തിരിച്ചറിഞ്ഞ് കർശന നടപടികളിലേക്ക് സംരംഭകർ തിരിയേണ്ടതുണ്ട്**

# മാന്ദ്യം ഇനിയെത്ര നാൾ കൂടി?

രാജ്യം 2017 മുതൽ ദീർഘകാല മാന്ദ്യത്തിലാണെന്ന് മുൻ ലേഖനങ്ങളിൽ ഞാൻ വ്യക്തമാക്കിയിരുന്നതാണ്. ഈ മാന്ദ്യം എത്ര നീണ്ടുനിൽക്കുമെന്നും അതിന് എത്ര ആഴമുണ്ടെന്നും മനസിലാക്കുന്നതിന്, ഇത് ഏത് തരത്തിലുള്ള മാന്ദ്യം ആണെന്നും ഏതു തരത്തിലുള്ള പരിഹാരമാർഗമാണ് ഇതിൽ നിന്ന് പുറത്തു കടക്കാൻ വേണ്ടതെന്നും അറിഞ്ഞിരിക്കേണ്ടതുണ്ട്.

പ്രധാനമായും രണ്ടു തരത്തിലുള്ള മാന്ദ്യമാണുള്ളത്. സപ്ലയിലെ സ്തംഭനം മൂലമുള്ളതും ഡിമാന്റിലെ സ്തംഭനം മൂലമുള്ളതും. സപ്ലൈ സ്തംഭനം മൂലമുള്ള മാന്ദ്യകാലത്ത് ഉൽപ്പാദനം കുത്തനെ കുറയുകയും വിലകുതിച്ചുയരുകയും ചെയ്യും. സപ്ലൈ സ്തംഭനം മൂലമുള്ള മാന്ദ്യത്തിൽ നിന്ന് പുറത്തുകടക്കാൻ കമ്പനികൾക്ക് ഉൽപ്പാദന ക്ഷമത കൂട്ടുന്നതിനാവശ്യമായ നിക്ഷേപം വർധിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിക്കുക. നികുതി ഇളവ് നൽകിയോ പലിശ നിരക്ക് കുറച്ചോ കൂടുതൽ നിക്ഷേപത്തിന് പ്രോത്സാഹനം നൽകും.

ഉൽപ്പന്നങ്ങളുടെ ഡിമാന്റ് കുത്തനെ ഇടിയുമ്പോഴാണ് ഡിമാന്റ് സൈഡ് മാന്ദ്യം ഉണ്ടാകുന്നത്. ഇപ്പോഴത്തേത് ഡിമാന്റ് സൈഡ് മാന്ദ്യമാണെന്ന് വളരെ വ്യക്തമാണ്. നോട്ട് പിൻവലിക്കൽ നടപടിയും കൂടാതെ ജിഎസ്ടി നടപ്പാക്കുന്നതിലുണ്ടായ പാളിച്ചകളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിസന്ധിയുമൊക്കെ ഡിമാന്റിൽ കുറവു വരുത്തിയതാണ് ഈ മാന്ദ്യത്തിന് കാരണം. (ഫിഗർ 1 കാണുക)

## പോംവഴിയുണ്ട്

ഡിമാന്റ് കുറയുന്നതിനനുസരിച്ച് കമ്പനികൾ അടച്ചുപൂട്ടുകയും ആളുകൾക്ക് ജോലി നഷ്ടപ്പെടുകയും ചെയ്യുന്നു. തൊഴിൽ നഷ്ടപ്പെടുന്നതോടെ ജനങ്ങളുടെ വാങ്ങൽ ശേഷി വീണ്ടും കുറയും. അത് കൂടുതൽ കമ്പനികളെ അടച്ചു പൂട്ടലിലേക്ക് നയിക്കുകയും കൂടുതൽ പേർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്നു. ഈയൊരു ചാക്രിക പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കും.

ഡിമാന്റിൽ അധിഷ്ഠിതമായ മാന്ദ്യത്തിന്റെ ഒരപകടം എന്തെന്നാൽ, കടുത്ത നടപടികൾ ഉണ്ടായില്ലെങ്കിൽ അതൊരു വൻ മാന്ദ്യമായി മാറും എന്നതാണ്.

ഇന്ത്യയിൽ ദീർഘകാല ഡിമാന്റ് സൈഡ് മാന്ദ്യത്തെ ചെറുക്കാനുള്ള ഏറ്റവും മികച്ച വഴി, രാജ്യത്തെ കോടിക്കണക്കിനു വരുന്ന പാവപ്പെട്ട ആളുകൾക്ക് കൂടുതൽ വരുമാനം ഉറപ്പു വരുത്തി ഡിമാന്റ് വർധിപ്പിക്കുക എന്നതാണ്.

പാവപ്പെട്ട ആളുകളുടെ വരുമാനം കൂടുമ്പോൾ അവർ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം എന്നിവയ്ക്കായി അത് ചെലവിടുകയും അതിലൂടെ ഡിമാന്റിൽ വർധന വരുകയും ചെയ്യും. ഇപ്പോഴത്തെ വരുമാനം അതിന് തികയാത്തതുകൊണ്ടാണ് ചെലവിടൽ കുറയുന്നത്.

ഇന്ത്യയിൽ പാവപ്പെട്ട ആളുകളുടെ വരുമാനം വർധിപ്പിക്കാനാവുക കേന്ദ്ര സർക്കാരിന് മാത്രമാണ്. ഭൂരിഭാഗം പാവപ്പെട്ടവരിലും എത്തുന്ന ഭേദിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGA) പോലുള്ള സാമൂഹ്യക്ഷേമ പദ്ധതികളിൽ കൂടുതൽ ചെലവഴിക്കുന്നതിലൂടെ സർക്കാരിന് പാവപ്പെട്ട വരുടെ വരുമാനം വർധിപ്പിക്കാനാകും.

ഏതാനും വർഷം ഇത് തുടർന്നാൽ ഡിമാന്റ് വർധിക്കും. കൂടുതൽ ആളുകൾ ഇതിലേക്ക് വരുന്നതിലൂടെ ഡിമാന്റും അതിനനുസരിച്ച് കൂടും. (ഫിഗർ രണ്ട് കാണുക.)

MNREGA പോലുള്ള പദ്ധതികളിൽ എത്ര തുക വിനിയോഗിച്ചാലാണ് സർക്കാരിന് ഫലപ്രദമായി എല്ലാ പാവപ്പെട്ട ആളുകളിലേക്കും എത്തിക്കാനാവുക?

കഴിഞ്ഞ സാമ്പത്തിക വർഷം MNREGAപദ്ധതിയിലൂടെ ഗ്രാമീണ മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ച ശരാശരി തൊഴിൽദിനങ്ങൾ 51 ദിവസവും വേതന നിരക്ക് പ്രതിദിനം 179 രൂപയുമാണെന്ന് പഠനങ്ങൾ വെളിവാക്കുന്നു.

തൊഴിലവകാശ പ്രകാരം കുറഞ്ഞത് ഒരാൾക്ക് 100 ദിവസത്തെ പണി ലഭിക്കേണ്ടതുണ്ട്. ഇപ്പോൾ പദ്ധതി പ്രകാരം ലഭിക്കുന്നത് പൊതുവേയുള്ള വേതനത്തിന്റെ പകുതി മാത്രവുമാണ്. വിപണിയിലെ പൊതുവേതന നിരക്കിൽ ആവശ്യമായ ജോലി (100 ദിവസം) നൽകണമെങ്കിൽ ഇപ്പോൾ ചെലവിടുന്നതിന്റെ നാലു മടങ്ങ് ചെലവിടേണ്ടിവരും. മാത്രവുമല്ല, MNREGA പദ്ധതിയിൽ ചേരുന്നതിനുള്ള അപേക്ഷകളുടെ എണ്ണം ഓരോ വർഷവും വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പുതിയ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തണമെങ്കിൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വരികയും ചെയ്യും.

ദൗർഭാഗ്യവശാൽ, കേന്ദ്ര സർക്കാർ MNREGA പദ്ധതിക്കായി ബജറ്റിൽ നീക്കിവെച്ച തുക 2018-19 ലെ 61,084 കോടി രൂപയിൽ നിന്ന് 2019-20 ൽ 60,000 കോടി രൂപയായി കുറയുകയാണുണ്ടായത്.

കേന്ദ്ര സർക്കാർ കുറഞ്ഞത് 2.5 ലക്ഷം കോടി രൂപയെങ്കിലും MNREGA പദ്ധതിക്കായി ചെലവഴിച്ചാൽ മാത്രമേ പാവപ്പെട്ട ആളുകളെ വലിയ തോതിൽ ഉൾക്കൊള്ളിക്കാനാവുകയുള്ളൂ. ഈ കണക്ക് വളരെ കൂടുലായി പോയെന്ന് തോന്നുമെങ്കിലും (പ്രതിവർഷം 1.8 ലക്ഷം കോടി രൂപയുടെ അധികചെലവ്) സർക്കാർ പ്രഖ്യാപിച്ച മറ്റു കാര്യങ്ങളുമായി നമുക്കിതൊന്ന് താരതമ്യപ്പെടുത്തി നോക്കാം.

കോർപ്പറേറ്റുകൾക്കുള്ള നികുതി നിരക്കിൽ പ്രതിവർഷം 1.45 കോടി രൂപ ഉപക്ഷിക്കാൻ കേന്ദ്ര സർക്കാർ അടുത്തിടെ തീരുമാനിച്ചിരുന്നു. ബാങ്കുകളുടെ നഷ്ടം നികത്താൻ 75,000 കോടിയും റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് 25,000 കോടി രൂപയും നൽകാനും കേന്ദ്ര സർക്കാർ പദ്ധതിയിടുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പലിശ നിരക്ക് തുടർച്ചയായി കുറച്ചു കൊണ്ടു വരുന്നുണ്ട്. 2019 ഫെബ്രുവരിയിലെ 6.5 ശതമാനത്തിൽ നിന്ന് 2019 ഒക്ടോബർ ആയപ്പോഴേക്ക് 5.15 ശതമാനമായി കുറച്ചു. ഈ നടപടികളെല്ലാം സപ്ലൈ സൈഡ് മാന്ദ്യത്തെ ചെറുക്കുന്നതിനുള്ളവയാണ്. അതുകൊണ്ടു തന്നെ ഫലപ്രദമല്ല.

## കാത്തിരിക്കണം

അപ്പോൾ, ഈ ദീർഘകാല മാന്ദ്യം എത്ര കാലം, ഏതു തരത്തിൽ നീണ്ടു നിൽക്കും? ഇതൊരു ഡിമാന്റ് സൈഡ് മാന്ദ്യമാണെന്ന് കേന്ദ്ര സർക്കാർ തിരിച്ചറിഞ്ഞ് അതിനെ ചെറുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ എത്രത്തോളം വൈകുന്നുവോ അത്രത്തോളം മാന്ദ്യവും തീവ്രമായി തുടരും.

കേന്ദ്ര സർക്കാരിന് ഇതുവരെയെടുത്തും പ്രശ്നം എന്താണെന്ന് മനസിലാക്കാനായിട്ടെല്ലെന്നത് വ്യക്തമാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഒരു വേഗതക്കുറവ് അനുഭവപ്പെടാമെങ്കിലും മാന്ദ്യത്തിന്റെ അപകടമൊന്നും ഉണ്ടാവില്ലെന്നാണ് 2019 നവംബർ 27ന് ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ പറഞ്ഞത്.

കേന്ദ്ര സർക്കാർ ശരിയായ തീരുമാനം എടുത്തു തുടങ്ങിയാൽ തന്നെ നോട്ട് പിൻവലിക്കൽ നടപടിക്കുമുമ്പുള്ള സ്ഥിതിയിലേക്ക് കാര്യങ്ങൾ തിരിച്ചെത്താൻ ചുരുങ്ങിയത് രണ്ടു മൂന്നു വർഷമെങ്കിലും എടുക്കും. സംരംഭകർ സാഹചര്യങ്ങളുടെ ഗൗരവം മനസിലാക്കി, കടുത്ത നടപടികൾ എടുക്കാൻ തയാറായില്ലെങ്കിൽ സമീപ ഭാവിയിൽ തന്നെ ബിസിനസ് അടച്ചു പൂട്ടലിലേക്ക് നയിക്കാനുള്ള സാധ്യത വളരെയേറെയാണ്. ■

Figure 1: Demand-Side Recession




Figure 2: Solution to Demand-Side Recession




*ഇന്ത്യയിലും ജി.സി.സി രാജ്യങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അക്കാഡമി സ്ഥാപനമാണ് ലേഖകൻ.*

*ജയാൻ IIM (L) നിന്ന് PGDM പൂർത്തിയാക്കിയശേഷം ബിസിനസ് അക്കാഡമിയായി പ്രവർത്തനം ആരംഭിച്ചു. അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com*